LIBRARY ARCHIVES Kerala Legislative Assembly

മോർച്ചറികൾ നവീകരിക്കാൻ നടപടി

44 (1767) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മോർച്ചറികൾ ഉണ്ടെന്നും ഇവ ഏതെല്ലാം ആശുപത്രികളോടനുബന്ധിച്ചാണെന്നും വ്യക്തമാക്കുമോ ;

(ബി) മോർച്ചറികളിൽ ഇന്ന് കാണുന്ന ശോച്യാവസ്ഥ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മോർച്ചറികൾ കാലികമായി നവീകരിക്കാനും പോലീസുകാർക്കും കൂടെയുള്ളവർക്കും ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം എന്നിവ ഏർപ്പെടുത്തുവാനും സർക്കാർ തയ്യാറാകുമോ ;

(ഡി) ഇത് സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള മോർച്ചറികളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിലും ഫോറൻസിക് വിഭാഗത്തോടുചേർന്ന് മോർച്ചറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ മോർച്ചറികളുടെ നവീകരണപ്രവർത്തനങ്ങൾ പലയിടങ്ങളിലും ഇതിനകം നടന്നിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ മോർച്ചറികൾ എല്ലാതന്നെ ഉന്നതനിലവാരം പുലർത്തുന്നവയാണ്.

(സി&ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കൊല്ലംകോട് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് പരിഹരിക്കാൻ നടപടി

45 (1769) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട് മണ്ഡലത്തിലെ സി. എച്ച്. സി., പി. എച്ച്. സി. സെന്ററുകളിലെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) അനുവദിച്ച തസ്തികകളിൽ മുഴുവൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.